എസ്.സി/എസ്.ടി കോർപ്പറേഷന് റീജിയണൽ ഓഫീസ്

20 (803)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഒരു റീജിയണൽ ഓഫീസ് എറണാകുളത്ത് തുടങ്ങുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചു വരികയാണ്.

ഗാന്ധിഗ്രാം ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ കമ്പ്യൂട്ടർ സെന്റർ നടത്തുന്നതിനുള്ള നടപടി

21 (804)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴുന്നൂർ പഞ്ചായത്തിലുള്ള ഗാന്ധിഗ്രാം ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ കമ്പ്യൂട്ടർ സെന്റർ നടത്തുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്ററിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൂർത്തിയാക്കിയിട്ടില്ല.

(ബി) 1999-2000 വർഷത്തെ പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായം വിനിയോഗിച്ചാണ് ഈ പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയുടെ അംഗീകാരം ലഭിച്ചാൽ 1999-2000 വർഷം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

ഐ.എച്ച്.ഡി.പി. കോളനികൾ

22 (805)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ ജില്ലയിൽപ്പെട്ട പെരിങ്ങോം വയക്കര - കാംഗ്കോൽ, ആലപ്പടമ്പ്, കരിവെള്ളൂർ, പെരളം എന്നീ പഞ്ചായത്തുകളിൽ എത്ര ഐ.എച്ച്.ഡി.പി. കോളനികളാണ് നിലവിലുള്ളത് എന്ന് അറിയിക്കുമോ;

(ബി) ഇവ ഓരോന്നിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനകം നടപ്പിലാക്കിയതിന്റെ വിശദവിവരവും അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പെരിങ്ങോം - വയക്കര പഞ്ചായത്തിൽ 9 ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ട്. മറ്റു പഞ്ചായത്തുകളിൽ ഐ.എച്ച്.ഡി.പി. കോളനികൾ ഇല്ല.

(ബി) ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ ഐ.എച്ച്.ഡി.പി. കോളനികളിലും നടപ്പിലാക്കുവാനുള്ള പദ്ധതികളുടെയും ഇതിനകം നടപ്പിലാക്കിയ പദ്ധതികളുടെയും വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

യുവജനക്ഷേമത്തിനായി വിദഗ്ദ്ധ സമിതികൾ

23 (806) ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-
പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി സംസ്ഥാനത്ത് വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഇവ എന്നാണ് രൂപീകരിച്ച തെന്നും അറിയിക്കുമോ;

(ബി) ഈ വിദഗ്ദ്ധ സമിതികൾ ഇതിനകം പ്രധാനപ്പെട്ട എന്തെല്ലാം ശുപാർശകൾ നൽകിയെന്നും, ഇവയിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 26.6.98-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2480/98/പൊ.വി പ്രകാരം 6 എം.എൽ.എ.മാർ ഉൾപ്പെട്ട ഒരു പതിനഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) വിദഗ്ദ്ധ സമിതി റിപ്പോർട്ട് ഇനിയും ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

എസ്.സി.പി/ടി.എസ്.പി. പദ്ധതികളുടെ പ്രവർത്തനം

24(807) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ/ട്രൈബൽ സബ്പ്ലാൻ (എസ്.സി.പി./ടി.എസ്.പി) പദ്ധതികളിൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെ വിവിധ വകുപ്പുകളിലായി ചെലവഴിക്കാത്ത ട്രഷറി അക്കൗണ്ടുകളിൽ ബാക്കി നിൽക്കുന്ന തുക എത്രയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കഴിഞ്ഞകാല സാമ്പത്തിക വർഷങ്ങളിൽ തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കാൻ ഇനി എന്തു തുക വേണ്ടിവരും;

LIBRARY ARCHIVES Kerala Legislative Assembly